പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**06.11.2019 -ലെ മറുപടിയ്ക്ക്**

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ 2888

## തൊഴിലാളിക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിലാളികളുടെ ക്ഷേമത്തിനായി സ്വീകരിച്ച പ്രധാന നടപടികൾ എന്തെല്ലാമാണ് എന്നറിയിക്കാമോ? | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷനുകളും 600/- രൂപയിൽ നിന്നും 1200/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ക്ഷേമനിധി ബോർഡുകൾ നൽകി വരുന്ന വിവിധ ധനസഹായ തുകകളും വർദ്ധിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സുതാര്യവും കാര്യക്ഷമമാക്കുന്നതിന്റെയും ഭാഗമായി വിവിധ ബോർഡുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കി വരികയാണ്. കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്നതു വഴി രജിസ്ട്രേഷൻ, അംശദായം, ആനുകൂല്യ വിതരണം എന്നിവ സുതാര്യമാക്കുവാനും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കുന്നതിനും സാധിക്കും. തൊഴിലാളികളുടെ വ്യക്തിഗത വിവരങ്ങൾ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം (AIIS) സോഫ്റ്റ് വെയർ മുഖേന ഡിജിറ്റലൈസ് ചെയ്തുവരുന്നുണ്ട്. കൂടാതെ പെൻഷൻ വിതരണം സുതാര്യമാക്കുന്നതിനായി സേവന സോഫ്റ്റ് വെയർ ഉപയോഗിക്കുന്നുണ്ട്. സമാന സ്വഭാവമുള്ള ബോർഡുകളും സ്കീമുകളും ഏകീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരികയാണ്. ഇത് വഴി ഭരണ ചെലവ് കുറയ്ക്കുന്നതിനും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ തൊഴിലാളികൾക്ക് ആനുകൂല്യം വിതരണം ചെയ്യുന്നതിനും സാധിക്കും. ക്ഷേമനിധി ബോർഡുകളുടെ അംശദായവും ആനുകൂല്യങ്ങളും കാലോചിതമായി പരിഷ്കരിക്കുന്നതിലേക്കുള്ള പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.<br><br>ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണവും ആരോഗ്യ പരിരക്ഷയും ലക്ഷ്യമാക്കി തൊഴിൽ വകുപ്പ് ആരംഭിച്ച 'ആവാസ്' ഇൻഷുറൻസ് |

പദ്ധതിയിൽ ഇതര സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. കൂടാതെ ഇവർക്കായി ബോധവൽക്കരണവും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1947-ലെ വ്യവസായ തർക്ക നിയമത്തിലെ വകുപ്പ് 2(എസ്)-ൽ വരുത്തിയ ഭേദഗതിപ്രകാരം വർക്ക്മാൻ എന്ന നിർവ്വചനത്തിൽ സെയിൽസ് പ്രൊമോഷൻ ജീവനക്കാരെ കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചു. പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് യോഗം ചേർന്ന് തോട്ടം തുറന്നുപ്രവർത്തിക്കുന്നതിനാവശ്യമായ പ്രൊപ്പോസലുകൾ തൊഴിലുടമകളിൽ നിന്നും ലഭ്യമാക്കി സർക്കാർ പരിശോധിച്ചു വരുന്നു.

ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ പുനരധിവാസപദ്ധതി മുഖേന പൊതുസ്വകാര്യ പങ്കാളിത്തത്തോടുകൂടി, തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ കുടിയേറ്റ തൊഴിലാളികൾക്കായി ചെലവ് കുറഞ്ഞ താമസസൗകര്യം ഏർപ്പെടുത്തുന്നുണ്ട്. അസംഘടിതരായ പാവപ്പെട്ട നഗര തൊഴിലാളികൾക്കുള്ള ചെലവ് കുറഞ്ഞ ഭവന പദ്ധതി (ജനനി) യും തോട്ടം തൊഴിലാളി ഭവന പദ്ധതിയും നടപ്പിലാക്കി വരുന്നു.

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി അസംഘടിത ദിവസവേതന തൊഴിലാളികൾക്കുള്ള ആശ്വാസ നിധി, മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ, അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി എന്നീ വ്യത്യസ്ത കർമ്മ പദ്ധതികൾ ഏകോപിപ്പിച്ച് അസംഘടിത മേഖലയിലെ തൊഴിലാളി സംരക്ഷണം എന്ന ഒറ്റ സ്കീമാക്കിയിരിക്കുന്നു. പരമ്പരാഗത മേഖലയിലെ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് വരുമാനം ഉറപ്പാക്കുന്ന പദ്ധതിയും നടപ്പാക്കി വരുന്നു.

തൊഴിലുടമ/തൊഴിലാളി ബന്ധം ശക്തമാക്കി സംസ്ഥാനത്തെ ഒരു സംരംഭക-സൗഹൃദസംസ്ഥാനമാക്കി മാറ്റുന്നതിനും വികസന പദ്ധതികൾക്ക് ക്രിയാത്മകമായ മാർഗ്ഗനിർദ്ദേശമുണ്ടാകുന്നതുമായ ഒരു തൊഴിൽനയം 18.05.2018 -ൽ സർക്കാർ പ്രഖ്യാപിക്കുകയും ആയതനുസരിച്ച് തൊഴിലാളികളുടെ നിയമപരമായ

സുരക്ഷ ഉറപ്പാക്കുന്നതിനും കൂടാതെ തൊഴിലാളികളുടെ ആരോഗ്യസുരക്ഷ, മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം എന്നിവയ്ക്കായും നടപടികൾ സ്വീകരിച്ചു വരുന്നു.

തോട്ടം തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കാത്ത സാഹചര്യത്തിൽ പ്രതിദിനം 50/- രൂപ ഇടക്കാലാശ്വാസം നൽകാൻ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തീരുമാനമെടുത്തു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മിനിമം വേതന നിയമം 1948 -ന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ട 34 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചും പുതുക്കി നിശ്ചയിച്ചും വിജ്ഞാപനം ആയിട്ടുണ്ട്. കൂടാതെ വ്യവസായ ബന്ധസമിതികൾ പുന:സംഘടിപ്പിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷ ഉറപ്പു വരുത്തുന്നതിന് സമിതികൾ സഹായകമാകുന്നു.

2018 ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമഭേദഗതി ഓർഡിനൻസ് വകുപ്പ് 21 (ബി) പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ കൊണ്ടുവന്നിട്ടുണ്ട്. ടി നിയമഭേദഗതി പ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9.00 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടു കൂടി ജോലിക്ക് നിയോഗിക്കാവുന്നതും അപ്രകാരം ജോലി ചെയ്യിക്കുന്ന പക്ഷം 5 ജീവനക്കാരെങ്കിലും ഉള്ള ഗ്രൂപ്പായും ആയതിൽ കുറഞ്ഞത് 2 സ്ത്രീകളെങ്കിലും ഉണ്ടായിരിക്കേണ്ടതുമാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജോലി സ്ഥലത്തു നിന്നും താമസസ്ഥലം വരെയുള്ള യാത്രാസൗകര്യം തൊഴിലുടമ ഉറപ്പുവരുത്തേണ്ടതുമാണ്.

കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണ സുതാര്യത ഉറപ്പുവരുത്തുന്നതിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു.

**സെക്ഷൻ ഓഫീസർ**